സാങ്കേതിക പരീക്ഷാകൺട്രോളറുടെ കാര്യാലയം,
കൈമനം, തിരുവനന്തപുരം

നമ്പർ . സി4/618/2021 തീയതി. 19/09/2021

**വിജ്ഞാപനം നം. 29/ ആഗസ്റ്റ് 2021**

വിഷയം :- കെ.ജി.റ്റി.ഇ - പ്രിൻറിംഗ് ടെക്നോളജി പരീക്ഷ - 2021
സൂചന :- സ.ഉ (എം.എസ്) നം. 51/2018/H. Edn. തീയതി

1. സാങ്കേതിക പരീക്ഷാ കൺട്രോളർ നടത്തുന്ന കെ.ജി.റ്റി.ഇ ( പ്രിൻറിംഗ് ടെക്നോളജി) പരീക്ഷ എഴുതുന്നതിന് യോഗ്യരായവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.
2. പരീക്ഷാ ടൈംടേബിൾ www.tekerala.org എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.
3. പരീക്ഷാ കേന്ദ്രങ്ങളുടെ വിവരം പിന്നീട് അറിയിക്കുന്നതാണ്.

4. **പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നേരിട്ട് നടത്തുന്നതോ / സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് അംഗീകാരമുള്ളതോ ആയ സ്ഥാപനങ്ങളിൽ പ്രിൻറിംഗ് ടെക്നോളജി വിഭാഗത്തിൽപ്പെട്ട വിഷയങ്ങളിൽ പഠനം പൂർത്തീകരിച്ചവർ.

5. സർക്കാർ സർവ്വീസിലുള്ളവർക്കുള്ള പരീക്ഷാ രജിസ്ട്രേഷൻ

കേരള സർക്കാർ സർവ്വീസിലുള്ള കെ.ജി.റ്റി.ഇ ലോവർ പരീക്ഷ പാസ്സായ, അഞ്ചു വർഷത്തിൽ കുറയാതെ Pre Press, Press work, Post Press Operation and Finishing ഇവയിലേതെങ്കിലും പ്രവൃത്തി പരിചയമുള്ളവരെ സർക്കാർ അംഗീകൃത സ്ഥാപനത്തിൽ കോഴ്സ് പൂർത്തിയാക്കണമെന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇത്തരം ജീവനക്കാർക്ക് താഴെപ്പറയുന്ന പട്ടിക പ്രകാരം കെ.ജി.റ്റി.ഇ (ലോവർ) പാസ്സ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട് എങ്കിൽ അതിനെതിരെ കാണിച്ചിരിക്കുന്ന ഹയർ പരീക്ഷയ്ക്ക് രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. ഇത്തരത്തിലുള്ള അപേക്ഷകർ പരീക്ഷാ കൺട്രോളർക്ക് നേരിട്ട് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഈ അപേക്ഷകരെ അംഗീകൃത സ്ഥാപനത്തിൽ പഠനം പൂർത്തികരിക്കുന്നതിൽ നിന്നും ആവശ്യമായ മിനിമം ഹാജർ, ഇൻറേണൽ അസസ്മെൻറ്, പ്രാക്ടിക്കൽ റെക്കോർഡ്സ് എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇവർ സർക്കാർ ഉദ്യോഗസ്ഥരാണ് എന്ന് തെളിയിക്കുന്നതും ഈ മേഖലയിൽ അഞ്ച് വർഷത്തിൽ കുറയാതെയുള്ള പ്രവർത്തി പരിചയമുണ്ടെന്നുള്ള സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാകുന്നു.

സർവ്വീസ് വിഭാഗത്തിൽ പുതിയതായി അപേക്ഷിക്കുന്നവർ അപേക്ഷാ ഫീസിനു പുറമെ പെർമനെൻറ് രജിസ്റ്റർ നമ്പറിനുള്ള **560/-** രൂപ കൂടി പരീക്ഷാ ഫീസിനൊപ്പം അടക്കേണ്ടതാണ്. മുമ്പ് ഇതേ കോഴ്സിന് അപേക്ഷിച്ച് പെർമനൻറ് രജിസ്റ്റർ നമ്പർ ലഭിച്ചിട്ടുള്ളവർ അവരുടെ പെർമനൻറ് രജിസ്റ്റർ നമ്പർ അപേക്ഷയിൽ കാണിക്കേണ്ടതാണ്.

| ക്രമ നം. | സർവ്വീസിലുള്ളവരുടെ നിലവിലെ യോഗ്യത | അപേക്ഷിക്കാവുന്ന പരീക്ഷ |
|---|---|---|
| I | 1. KGTE Proof Reader (Lower)<br>2. KGTE Sterco Typing (Lower)<br>3. KGTE Compositors Work (Lower)<br>4. KGTE type Casting (Lower) | KGTE Pre Press Operation |
| II | 1. KGTE Machine Work (Lower)<br>2. KGTE Press Work (Lower)<br>3. KGTE printers warehouse (Lower) | KGTE Press Work |
| III | KGTE Book Binding (Lower) | KGTE Post Press operation and finishing |

6. **അപേക്ഷാ ഫോറം**

പരീക്ഷയ്ക്കുള്ള അപേക്ഷാ ഫോറം www.tekerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ആയത് ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് നിശ്ചിത ഫീസ് ഒടുക്കിയ ചെലാൻ രസീതും പത്താം ക്ലാസ്സ് / തത്തുല്യ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം സ്ഥാപന മേധാവിക്ക് നിശ്ചിത തീയതിയ്ക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

7. സ്ഥാപനമേധാവികൾക്കുള്ള നിർദ്ദേശങ്ങൾ

സ്ഥാപന മേധാവികൾ പരീക്ഷാഫോമുകൾ സ്വീകരിക്കുമ്പോൾ തന്നെ അപേക്ഷകൻറെ വിവരങ്ങൾ കൃത്യമാണോയെന്നും കൃത്യമായ ഫീസ് തുകയാണോ ഒടുക്കിയിരിക്കുന്നതെന്നും പരിശോധിക്കേണ്ടതാണ്. യോഗ്യരായ അപേക്ഷകരുടെ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് (പേര്, രജിസ്റ്റർ നമ്പർ, ഫീസ് വിവരം,

ഉൾപ്പെടെയുള്ളവ) തയ്യാറാക്കി അപേക്ഷകൾ സാങ്കേതിക പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ നിശ്ചിത തീയതിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

8. ഫീസ് വിവരം

| | |
|---|---|
| പരീക്ഷാ ഫീസ് | 500/- |
| ഗവ. ട്രഷറിയിൽ ഫീസ് അടയ്ക്കേണ്ട ഹെഡ് ഓഫ് അക്കൗണ്ട് | 0202 - 02 - 101- 98 - Exam fees |
| സപ്ലിമെൻററി വിഷയങ്ങൾ ഓരോന്നിനും | 170/- |

പ്രായോഗിക പരീക്ഷയ്ക്ക് പരീക്ഷാകേന്ദ്രത്തിൽ അടയ്ക്കേണ്ട തുക - **170/-** (ഒരു വിഷയത്തിന്)

| | | |
|---|---|---|
| 1 | അപേക്ഷ സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട അവസാന തീയതി | 06/10/2021 |
| 2 | സ്ഥാപനമേധാവികൾ അപേക്ഷകൾ പരീക്ഷാ കൺട്രോളർക്ക് സമർപ്പിക്കേണ്ട അവസാന തീയതി | 13/10/2021 |
| 3 | സ്ഥാപന മേധാവി, ഇൻറേണൽ മാർക്ക് സമർപ്പിക്കേണ്ട അവസാന തീയതി (കവറിനുപുറത്ത് കോൺഫിഡൻഷ്യൽ എന്ന് രേഖപ്പെടുത്തണം) അസിസ്റ്റൻറ് കൺട്രോളർ, സാങ്കേതിക പരീക്ഷാ കൺട്രോളറുടെ കാര്യാലയം, കൈമനം, തിരുവനന്തപുരം - 40 എന്ന വിലാസത്തിലാണ് ഇൻറേണൽ മാർക്ക് അയയ്ക്കേണ്ടത്. | 13/10/2021 |
| 4 | സർവ്വീസിലുള്ളവർ സാങ്കേതിക പരീക്ഷാ കൺട്രോളർക്ക് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | 13/10/2021 |

(1) ഫീസ് ആനുകൂല്യത്തിന് അർഹരായ പരീക്ഷാർത്ഥികളുടെ ആയത് തെളിയിക്കുന്ന രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

(2) ഒരിക്കൽ അടച്ച പരീക്ഷാഫീസ് ഒരു കാരണവശാലും തിരികെ നൽകുകയോ മറ്റു പരീക്ഷകൾക്കായി പരിഗണിക്കുകയോ ചെയ്യുന്നതല്ല.

(3) പരീക്ഷാഫീസ് അടച്ചു എന്നത് പരീക്ഷ എഴുതുവാനുള്ള അവകാശമായി കണക്കാക്കുന്നതല്ല.

10. പരീക്ഷാ ടൈംടേബിൾ : പരീക്ഷാ ടൈംടേബിൾ സാങ്കേതിക പരീക്ഷാ കൺട്രോളറുടെ ഔദ്യോഗിക വെബ്സൈറ്റിൽ ( www.tekerala.org) പ്രസിദ്ധീകരിക്കുന്നതാണ്.

11. ഹാൾടിക്കറ്റ്

ഹാൾടിക്കറ്റ് പരീക്ഷാ കേന്ദ്രങ്ങൾ മുഖേന വിതരണം ചെയ്യുന്നതായിരിക്കും . ഹാൾടിക്കറ്റ് ഇല്ലാതെ ഒരു കാരണവശാലും പരീക്ഷ എഴുതിക്കുന്നതല്ല.

**വിജയകരമായി പരീക്ഷ പൂർത്തിയാക്കുന്നവർ സർട്ടിഫിക്കറ്റിന് 315/- രൂപ മാർക്ക് ലിസ്റ്റിന് 140/- രൂപ എന്ന ക്രമത്തിൽ www.sbte.kerala.gov.in ഓൺലൈനായി അടയ്ക്കേണ്ടതാണ്.**

12. പ്രായോഗിക പരീക്ഷകൾ

1. പ്രായോഗിക പരീക്ഷകൾ തീയറി പരീക്ഷയ്ക്കു ശേഷം നടത്തുന്നതും പ്രായോഗിക പരീക്ഷകളുടെ കേന്ദ്രം പിന്നീട് അറിയിക്കുന്നതുമാണ്.
2. പ്രായോഗിക പരീക്ഷയുടെ തീയതിയും സമയവും പരീക്ഷാ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിൽ നിന്നും പരീക്ഷാർത്ഥികൾ ഉറപ്പാക്കേണ്ടതാണ്. ഇതിൻറെ മുഴുവൻ ഉത്തരവാദിത്തവും പരീക്ഷാർത്ഥികൾക്കായിരിക്കും . ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന പരീക്ഷാർത്ഥികളിൽ നിന്നും ഒരു പരാതിയും സ്വീകരിക്കുന്നതല്ല.

13. G.O.(MS) No. 09/92/H.Edn dated 06.01.1992 എന്ന സർക്കാർ ഉത്തരവ് പ്രകാരം 40% ത്തിലധികം അംഗവൈകല്യമുള്ള ഭിന്നശേഷിക്കാരായ പരീക്ഷാർത്ഥികൾക്ക് 3 മണിക്കൂർ സമയ ദൈർഘ്യമുള്ള പരീക്ഷകൾക്ക് 30 മിനിട്ടും അതിൽ കുറവ് സമയ ദൈർഘ്യമുള്ള പരീക്ഷകൾക്ക് ആനുപാതികമായും അധിക സമയം അനവദിച്ചിട്ടുണ്ട്. അത്തരം പരീക്ഷാർത്ഥികൾ അയതിലേയ്ക്കുള്ള ഉത്തരവ് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും നേടിയെടുക്കേണ്ടതാണ്.

14. പരീക്ഷാഫലം സാങ്കേതിക പരീക്ഷാ കൺട്രോളറുടെ www.tekerala.org എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഈ പരീക്ഷയ്ക്ക് പുനർമൂല്യനിർണ്ണയം ഉണ്ടായിരിക്കുന്നതല്ല. സൂക്ഷ്മ പരിശോധന (scrutiny) നടത്തുന്നതാണ്.

SASIKUMAR K.N.

ജോയിൻറ് കൺട്രോളർ

പിവി/17/9/21